DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

14.07.2019

# കാർഷികമേഖലാവാർത്തകൾ

## മത്സ്യ കൃഷി പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ - കൃഷി വിജ്ഞാനകേന്ദ്രം കാർഡിൽ വച്ച് മത്സ്യകൃഷി എന്ന വിഷയത്തിൽ പരിശീലനം ഈ മാസം 17 ന് രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നതാണ്. മത്സ്യകൃഷിയിലെ വിവിധ ഘട്ടങ്ങൾ, ഇനങ്ങളുടെ തിരഞ്ഞെടുപ്പ്, രോഗപ്രതിരോധ മാർഗ്ഗങ്ങൾ, നൂതന മത്സ്യകൃഷി സമ്പ്രദായം എന്നിവ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ ഈ മാസം 16 ന് 4 മണിക്ക് മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ, കൃഷി വിജ്ഞാനകേന്ദ്രം, കാർഡ്, കോളഭാഗം പി. ഒ., തടിയൂർ, തിരുവല്ല-689545 എന്ന വിലാസത്തിലോ 8078572094 എന്ന ഫോൺ നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കുളമ്പുരോഗ നിയന്ത്രണ പദ്ധതി-സംസ്ഥാനതല ഉദ്ഘാടനം

മൃഗസംരക്ഷണ വകുപ്പിനു കീഴിൽ വിവിധ ജന്തു രോഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പ്, ബോധവത്ക്കരണം, സാംക്രമിക രോഗനിയന്ത്രണം എന്നിവയുടെ ചുമതലയുള്ള ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് 26-ാം ഘട്ടം 2019 ജൂലൈ 17 മുതൽ ആഗസ്റ്റ് 12 വരെ

നടത്തുകയാണ്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ വൈകിട്ട് 3.30 ന് ഏനാത്ത് കളമല മാർത്തോമ്മ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് അടൂർ എം.എൽ.എ ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ മൃഗസംരക്ഷണ, വനം- പരിസ്ഥിതി വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ജില്ലാതല പദ്ധതികളുടെ ഉദ്ഘാടനം പത്തനംതിട്ട എം.പി ആന്റോ ആന്റണിയും, ജില്ലാതല മൃഗസംരക്ഷണ അവാർഡ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, മൃഗസംരക്ഷണ വകുപ്പ് ജില്ലാതല "e" -ഓഫീസ് പ്രവർത്തന ഉദ്ഘാടനം പത്തനംതിട്ട ജില്ലാ കളക്ടറും നിർവ്വഹിക്കുന്നതാണ്. വാക്സിനേഷൻ കിറ്റുകളുടെ വിതരണം ഇളംഗമംഗലം ചിന്മയ ഡെയറി ഫാമിൽ വച്ച് മന്ത്രി നിർവ്വഹിക്കുന്നു. ത്രിതല - ഗ്രാമപഞ്ചായത്ത് പ്രതിനിധികളും, മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന, ജില്ലാതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നു. കൂടാതെ ഇതോടനുബന്ധിച്ച് കന്നുകാലികളുടെ സാംക്രമിക രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

## പരിശീലനം

ഇടുക്കി ജില്ലയിലെ വാഗമൺ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് ഈ മാസം 16 ന് ശാസ്ത്രീയ രീതിയിലുള്ള **കാടവളർത്തലിലും പൗൾട്രി സ്റ്റാർട്ടപ് സംരംഭങ്ങളും** എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യ പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ

ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9447979697, 7907867453

## റബ്ബർതോട്ടങ്ങൾ ഏറ്റെടുക്കലിന് ഉടനെ തുടക്കം

വിളവെടുപ്പ് മുടങ്ങിക്കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുത്ത് പരിപാലനവും ടാപ്പിങ്ങും നടത്തുന്നതിനുള്ള ഒരു സംവിധാനം റബ്ബർബോർഡ് കമ്പനികളും റബ്ബറുത്പാദകസംഘങ്ങളും മുൻകൈ എടുത്ത് ആരംഭിക്കുകയാണ്. പരിപാലനത്തിനും വിളവെടുപ്പിനും കൂട്ടായ ഏർപ്പാടുകൾ ഒരുക്കി ചെലവു കുറച്ച് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി നടത്തുന്നത്. റബ്ബറിന്റെ വില താഴ്ന്ന നിലവാരത്തിൽ തുടരുകയും കൃഷിച്ചെലവ് കൂടുകയും അതേസമയം വിദഗ്ദ്ധരായ ടാപ്പർമാരുടെ ലഭ്യത കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ കുറെ തോട്ടങ്ങളിൽ ഇപ്പോൾ വിളവെടുപ്പ് നടക്കുന്നില്ല എന്നത് റബ്ബർബോർഡിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉടമസ്ഥർ സ്ഥലത്തില്ലാത്തതിനാലും ചില തോട്ടങ്ങൾ ടാപ്പുചെയ്യുന്നില്ല. ഇതുമൂലം കാര്യമായ ഉത്പാദനനഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള തോട്ടങ്ങൾ കണ്ടെത്തി വിളവെടുപ്പ് നടത്തുന്നതിലൂടെ ആഭ്യന്തരോത്പാദനം വർദ്ധിപ്പിച്ച് ഇറക്കുമതി കുറയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. റബ്ബറിന്റെ പരിപാലനം, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങിയവയിലെ ചെലവുകൾ കുറയ്ക്കുന്നതിന് ചെറുകിടകർഷകർക്ക് പരിമിതികളുണ്ട്. എന്നാൽ, കാർഷികവസ്തുക്കളുടെ കൂട്ടായ സംഭരണം, യന്ത്രവത്കരണം, തൊഴിലാളികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ, ഗുണമേന്മാപാലനം,

വിപണിയിലെ വിലപേശൽ തുടങ്ങിയവയിലൂടെ ചെലവു കുറച്ച് കൃഷി ലാഭകരമാക്കാൻ റബ്ബർബോർഡ് കമ്പനികളുടെ ഇടപെടൽ സഹായിക്കും. അടിസ്ഥാനസൗകര്യങ്ങളുള്ള റബ്ബറുത്പാദകസംഘങ്ങൾക്കും തോട്ടങ്ങൾ ഏറ്റെടുക്കൽ പരിപാടി നടപ്പാക്കാൻ കഴിയും. തോട്ടങ്ങളുടെ പരിപാലനം, വിളവെടുപ്പ്, വിപണനം എന്നിവ ഏറ്റെടുക്കുന്ന കമ്പനികളുമായി കർഷകർക്ക് ഇവ നടപ്പാക്കുന്നതു സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കാം. വളർച്ചയെത്തിയ മരങ്ങളാണെങ്കിൽ കമ്പനിയുടെ മേൽനോട്ടത്തിൽ വിദഗ്ധരായ ടാപ്പർമാരെ ഉപയോഗിച്ച് വിളവെടുപ്പും വിപണനവും നടത്തുകയും അതിന് ആവശ്യമായി വരുന്ന ചെലവുകൾ കഴിച്ച് ബാക്കി തുക കർഷകർക്ക് നൽകുകയും ചെയ്യും. റബ്ബർകൃഷിയുമായി ബന്ധപ്പെട്ട മറ്റു ജോലികളും ഇതേ രീതിയിൽ തന്നെയായിരിക്കും കമ്പനികൾ ഏറ്റെടുക്കുക. ഈ പരിപാടിയെക്കുറിച്ചും അതിന് തയ്യാറുള്ള കമ്പനികളെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾ റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിൽനിന്ന് ലഭ്യമാണ്.

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിലെ ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാ പോണിക്സ് എന്ന കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 16 മുതൽ 18 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,- രൂപ

കൽപ്പനകൾ, പ്രവർത്തന - ഉപയോഗ - പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് **7025498850** എന്ന നമ്പറിൽ **രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെയുള്ള സമയങ്ങളിൽ** ബന്ധപ്പെടുക.